പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5959 04/07/2019-ൽ മറുപടിക്ക്

ഇംഗ്ലീഷ് ഭാഷ അദ്ധ്യാപകർ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ: | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഹൈസ്കൂളുകളിൽ എട്ട് മുതൽ പത്ത് വരെ ക്ലാസ്സുകളിൽ ആകെ മൂന്ന് ഡിവിഷനുകൾ മാത്രമുള്ള സ്കൂളുകളിൽ മലയാളത്തിനും ഹിന്ദിക്കും ഫിസിക്കൽ സയൻസിനും കണക്കിനും അതാത് വിഷയങ്ങളിൽ ടിച്ചേഴ്സ് തസ്തിക അനുവദിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇംഗ്ലീഷ് മാത്രം അഞ്ച് ഡിവിഷനുകൾ ഉണ്ടെങ്കിൽ മാത്രമേ ടീച്ചർ തസ്തിക അനുവദിക്കുകയുള്ളൂ എന്ന നിയമം ലോക ഭാഷയായ ഇംഗ്ലീഷിനോടുള്ള അവഗണന യായതിനാൽ മറ്റ് വിഷയങ്ങളെപ്പോലെ ഇംഗ്ലീഷിന് മൂന്ന് ഡിവിഷന് ഒരു ടീച്ചർ തസ്തിക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) 07-01-2002 ലെ ജി.ഒ (എം.എസ്) നം. 11/2002/പൊവിവ ലെ അനുബന്ധത്തിൽ നൽകിയിട്ടുള്ള പട്ടിക പ്രകാരമാണ് സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിൽ കോർ വിഷയങ്ങളുടെ (ഫിസിക്കൽ സയൻസ്, നാച്ചറൽ സയൻസ്, ഗണിത ശാസ്ത്രം, സോഷ്യൽ സയൻസ്, ഇംഗ്ലീഷ്) തസ്തികകൾ അനുവദിക്കുന്നത്. 8 മുതൽ 10 വരെ ക്ലാസുകളിൽ ആകെ 5 ഡിവിഷനുകൾ എങ്കിലും ഉണ്ടെങ്കിൽ മാത്രമേ ആദ്യത്തെ എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തിക ലഭിക്കു. അതായത് 8 മുതൽ 10 വരെ ക്ലാസുകളിൽ ആകെ 4 ഡിവിഷനുകൾ വരെ മാത്രമുള്ള വിദ്യാലയങ്ങളിൽ എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തിക അനുവദിക്കാൻ നിലവിൽ നിയമമില്ല. അതിനാൽ ഇംഗ്ലീഷിന് 3 ഡിവിഷന് ഒരു ടീച്ചർ തസ്തിക അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പാക്കിയിട്ടും സംസ്ഥാനത്തെ 344 സർക്കാർ ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷാ അദ്ധ്യാപകർ ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) പിന്നോക്ക ജില്ലയായ ഇടുക്കി ജില്ലയിൽ ആകെയുള്ള 81 സർക്കാർ | (ഡി) 7-1-2002-നു മുമ്പ് കേരളത്തിലെ വിദ്യാലയങ്ങളിൽ എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തിക |

| | | | |
|---|---|---|---|
| | ഹൈസ്കൂളുകളിൽ 56 സ്ഥലത്തും ഇംഗ്ലീഷ് പഠിപ്പിക്കാൻ ഒരു ഇംഗ്ലീഷ് ടീച്ചർ പോലും ഇല്ലാത്തത് കുട്ടികളുടെ ഭാഷ പരിജ്ഞാനത്തെ സാരമായി ബാധിച്ചിട്ടില്ലേ; | | അനുവദിച്ചിരുന്നില്ല. മറ്റ് കോർ വിഷയങ്ങളിലെ അദ്ധ്യാപകർ തന്നെയാണ് ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നത്. ഹൈസ്കൂൾ തലത്തിൽ ആകെ 4 ഡിവിഷനുകൾ മാത്രമുള്ള വിദ്യാലയങ്ങളിൽ ഇപ്പോഴും അപ്രകാരം തന്നെയാണ് ഇംഗ്ലീഷ് പഠിപ്പിക്കുന്നത്. അങ്ങനെയാകുമ്പോൾ മറ്റു വിഷയങ്ങളിൽ ഡിഗ്രിയും ബി.എഡും ഉള്ള അദ്ധ്യാപകർ എല്ലാ ജില്ലയിലെയും ഇത്തരം വിദ്യാലയങ്ങളിൽ ഇപ്പോൾ ഇംഗ്ലീഷ് പഠിപ്പിക്കുന്നുണ്ട്. |
| (ഇ) | ഖാദർ കമ്മിറ്റിയുടെ പ്രധാന ശിപാർശയായ അദ്ധ്യാപക പ്രൊഫഷണലിസം അതിപ്രധാനമായി എടുത്ത് പറയുമ്പോഴും ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുവാൻ മറ്റ് കോർ സബ്ജക്ടുകാർ മതിയെന്ന നിലപാട് സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുവാൻ ഇംഗ്ലീഷ് അദ്ധ്യാപകരെ നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഇ) | 2001-02 വരെ കേരളത്തിലെ വിദ്യാലയങ്ങളിൽ എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തിക അനുവദിച്ചിരുന്നില്ല. മറ്റ് കോർ വിഷയങ്ങളിലെ അദ്ധ്യാപകർ തന്നെയാണ് ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നത്. ഹൈസ്കൂൾ തലത്തിൽ ആകെ 4 ഡിവിഷനുകൾ മാത്രമുള്ള വിദ്യാലയങ്ങളിൽ ഇപ്പോഴും അപ്രകാരം തന്നെയാണ് ഇംഗ്ലീഷ് പഠിപ്പിക്കുന്നത്. അങ്ങനെയാകുമ്പോൾ മറ്റു വിഷയങ്ങളിൽ ഡിഗ്രിയും ബി.എഡും ഉള്ള അദ്ധ്യാപകർ ഇത്തരം വിദ്യാലയങ്ങളിൽ ഇപ്പോൾ ഇംഗ്ലീഷ് പഠിപ്പിക്കുന്നുണ്ട് എന്നത് വസ്തുതയാണ്. നിലവിൽ തുടർന്നു വരുന്ന രീതിയിൽ മാറ്റം വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ